## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1029** **05.03.2020 ൽ മറുപടിക്ക്**

### ദേശീയപാത വികസനത്തിനായി ഒഴിപ്പിക്കപ്പെട്ട കഴക്കൂട്ടത്തെ വ്യാപാരികൾ

**ചോദ്യം**

**ശ്രീ.എം. വിൻസെന്റ്**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കഴക്കൂട്ടം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് കഴക്കൂട്ടത്തെ വ്യാപാര സ്ഥാപനങ്ങളും കെട്ടിടങ്ങളും പൊളിച്ച് നീക്കേണ്ടതുണ്ടോ; വിശദാംശം നൽകുമോ;

(എ) കഴക്കൂട്ടം മുതൽ ടെക്നോപാർക്ക് വരെയുള്ള എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തിന്റെ ഭാഗമായി 45 മീറ്റർ ROW യിൽ സ്ഥലമെടുക്കുന്ന ഭാഗത്ത് കച്ചവട സ്ഥാപനങ്ങളും കെട്ടിടങ്ങളും നിലവിലുണ്ട്. ആയതിന്റെ സ്ഥലമെടുപ്പിനെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ആകെ ആവശ്യമുള്ള ഭൂമി (ഹെക്ടറിൽ) - 15.23

അധികമായി ആവശ്യമുള്ള ഭൂമി (ഹെക്ടറിൽ) - 1.4931

<u>എൻ.എച്ച് ആക്ട് 1956 പ്രകാരം</u>

3A നോട്ടിഫിക്കേഷൻ പൂർത്തിയായത് (ഹെക്ടറിൽ) - 1.4931 (100%)

3D നോട്ടിഫിക്കേഷൻ പൂർത്തിയായത് (ഹെക്ടറിൽ) - 1.4931 (100%)

3G നോട്ടിഫിക്കേഷൻ പൂർത്തിയായത് (ഹെക്ടറിൽ) - 1.4931 (100%)

കൈവശം ഏറ്റെടുത്ത ഭൂമി (ഹെക്ടറിൽ) - 0.615 (41%)

(ബി) വർഷങ്ങളായി വ്യാപാരം നടത്തുന്ന പ്രസ്തുത കട ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് തുകയാണ് അനുവദിച്ചത്;

(ബി) ഉണ്ട്, നാഷണൽ ഹൈവേ ആക്ട് 1956 പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിലും ഭൂമിയുടെ നഷ്ടപരിഹാര തുക 2013 ലെ RFCTLARR ആക്ട് പ്രകാരമാണ് നൽകി വരുന്നത്. ആയത് പ്രകാരം 92.44 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) അംഗീകരിക്കുകയും അതിൽ നിന്ന് 33.69 കോടി രൂപ ബന്ധപ്പെട്ട

| | | | |
|---|---|---|---|
| | | | എൽ.എ തഹസിൽദാർ 15/02/2020 ൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുമുണ്ട്. |
| (സി) | വ്യാപാര സ്ഥാപനങ്ങൾ പൊളിക്കുന്നത് മൂലം തൊഴിൽരഹിതരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | ഒഴിപ്പിക്കപ്പെട്ട ഭൂവുടമകളുടെ പുനരധിവാസം 2013 ലെ RFCTLARR ആക്ട് സെക്കൻഡ് ഷെഡ്യൂൾ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് അർഹരായവർക്ക് അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**